Sectt. 37. 3/462/2015/1 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ മട്ടന്നൂർ വില്ലേജിലെ റീ സ നമ്പർ 31/5 -ൽ ഉൾപ്പെട്ട സ്ഥലത്തെ വാണിജ്യ കെട്ടിട നിർമ്മാണം- കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 3 സി(ബി) പ്രകാരം ഇളവ് അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർബി) വകുപ്പ്

സ.ഉ (സാധാ) നമ്പർ 2427 /16/തസ്വഭവ തീയതി,തിരുവനന്തപുരം 11/08/2016

---

പരാമർശം:- 1) 1. 2.2013 ലെ സ.ഉ(എം.എസ്) നമ്പർ 46/13 /തസ്വഭവ നമ്പർ ഉത്തരവ്.

2) കണ്ണൂർ ജില്ലാ ടൗൺ പ്ലാനറുടെ 20.11.15-ലെ സി/1486/15 നമ്പർ കത്ത്.

3) മട്ടന്നൂർ മുനിസിപ്പൽ കൗൺസിലിന്റെ 9.11.15-ലെ 16-ാം നമ്പർ തീരുമാനം.

4) ചീഫ് ടൗൺ പ്ലാനറുടെ 27.01.16 ലെ D1/10985/15 നമ്പർ കത്ത്.

ഉത്തരവ്

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ മട്ടന്നൂർ വില്ലേജിലെ റീ സർവ്വേ നമ്പർ 31/5 ൽ ഉൾപ്പെട്ട 70 സെന്റ് സ്ഥലത്തു നിന്നും 40 സെന്റ് സ്ഥലം മുനിസിപ്പാലിറ്റിയുടെ വികസന പ്രവർത്തനങ്ങൾക്ക് സൗജന്യമായി ശ്രീ.ഇസ്മയിൽ,തെനങ്കാലിൽ വീട്, പയ്യോളി അങ്ങാടി. പി.ഒ കോഴിക്കോട്, വിട്ടു നൽകിയതായും ശേഷിച്ച സ്ഥലത്ത് വാണിജ്യ കെട്ടിടം നിർമ്മാണത്തിന് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് (ഭേദഗതി) ചട്ടം 3C(ബി) പ്രകാരം ഇളവ് അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം മട്ടന്നൂർ മുനിസിപ്പൽ കൗൺസിൽ ശുപാർശ സമർപ്പിക്കുകയുണ്ടായി.

2. പരാമർശ വാണിജ്യ കെട്ടിട നിർമ്മാണാനുമതിക്കായി സമർപ്പിച്ച അപേക്ഷയിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 31(2),34(1),6,4,24(5),56(2) എന്നീ ചട്ടങ്ങളുടെ ലംഘനമുള്ളതായും മുനിസിപ്പാലിറ്റിയുടെ വികസന പ്രവർത്തനങ്ങൾക്ക് അപേക്ഷകൻ സ്ഥലം സൗജന്യമായി വിട്ടു നൽകിയ സാഹചര്യത്തിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 3 സി (ബി) പ്രകാരം ചട്ടത്തിൽ ഇളവ് അനുവദിക്കാവുന്നതാണെന്നും പരാമർശം (4) പ്രകാരം ചീഫ് ടൗൺ പ്ലാനർ സർക്കാരിൽ ശുപാർശ സമർപ്പിക്കുകയുണ്ടായി.

3. പരാമർശ (1) ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് (ഭേദഗതി) ചട്ടം 3 C (ബി) പ്രകാരം പൊതു ആവശ്യത്തിനായി സ്ഥലം വിട്ടു നൽകിയവർക്ക് വിട്ടു നൽകിയ സ്ഥലത്തിന് ആനുപാതികമായി ചീഫ് ടൗൺ പ്ലാനറുമായി കൂടിയാലോചിച്ച് ചട്ടങ്ങളിൽ ഇളവ് അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി

പരിശോധിക്കുകയുണ്ടായി. കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് (ഭേദഗതി) ചട്ടം 3 C (ബി) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ മട്ടന്നൂർ വില്ലേജിലെ റീ സർവ്വേ നമ്പർ 31/5 ൽ ഉൾപ്പെട്ട സ്ഥലത്തെ ശ്രീ.ഇസ്മയിൽ, തെനങ്കാലിൽ വീട് പയ്യോളി അങ്ങാടി. പി.ഒ കോഴിക്കോട് എന്നവരുടെ 3442.64 ച മീറ്റർ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടം നിർമ്മാണത്തിന് കെ എം ബി ആർ ചട്ടം 31(2),34(1), 34(6),34(4),24(5),56(2) എന്നീ ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഹേമപ്രഭ .ഡി.
ജോയിന്റ് സെക്രട്ടറി

ശ്രീ.ഇസ്മയിൽ,തെനങ്കാലിൽ വീട്
പയ്യോളി അങ്ങാടി. പി.ഒ കോഴിക്കോട് 673 523
സെക്രട്ടറി,മട്ടന്നൂർ മുനിസിപ്പാലിറ്റി, കണ്ണൂർ
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ